# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 940      10.06.2019 ലെ മറുപടി

## ജലസംരക്ഷണ നടപടികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ : | | കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പമന്ത്രി) |
| (എ) | സംസ്ഥാനത്തെ നദികളും പുഴകളും വൻതോതിൽ മലിനീകരിക്കപ്പെട്ടിരിക്കുന്നു എന്ന വസ്തുത ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) | ജലസ്രോതസ്സുകൾ മാലിന്യ മുക്തമാക്കുവാൻ ജലവിഭവ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (ബി) ജലസ്രോതസ്സുകളായ കുളങ്ങൾ, നദികൾ എന്നിവയിലെ മാലിന്യ ലഘൂകരണത്തിനുള്ള നടപടികളാണ് ജലസേചനവകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെയായി ലഭ്യമായ ഫണ്ട് ഉപയോഗിച്ച് കുളങ്ങൾ ശുചീകരിച്ച്, സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം നദികളിലെ നീരൊഴുക്ക് സ്ഥായിയാക്കി മാലിന്യലഘൂകരണം സാധ്യമാക്കുന്നതിനായി തടയണകൾ, റഗുലേറ്ററുകൾ എന്നിവയും നിർമ്മിച്ചുവരുന്നു. കൂടാതെ ഓരുവെള്ളക്കയറ്റം മൂലം ജലസ്രോതസ്സുകൾ മലിനമാകാതിരിക്കുന്നതിനും തടയണ/റഗുലേറ്ററുകൾ നിർമ്മിക്കാറുണ്ട്. ഇതിനുപരി ചെറുനദികളിലെ/തോടുകളിലെ മാലിന്യവും ഉപരിതലസസ്യങ്ങളും നീക്കം ചെയ്യുന്ന പ്രവർത്തനവും നിർവ്വഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | ഭാരതപ്പുഴ, തിരുവനന്തപുരം ജില്ലയിലെ കരമന നദി, കാസർകോഡ് ജില്ലയിലെ നീലേശ്വരം നദി എന്നിവയുടെ മലിനീകരണം തടയുന്നതിന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ സഹകരണത്തോടെ | (സി) ബഹുമാനപ്പെട്ട ദേശീയ ഹരിതട്രിബ്യൂണൽ ഉത്തരവനുസരിച്ച് വലിയതോതിൽ മലിനീകരിക്കപ്പെട്ട കേരളത്തിലെ നദികളിലെ 20 സ്ഥലങ്ങൾ മാലിന്യമുക്തമാക്കുന്നതിനുള്ള വിശദമായ പദ്ധതി തയ്യാറാക്കുന്നതിനായി ജില്ലാതലത്തിൽ |

| | | |
|---|---|---|
| | നടത്തുന്ന കർമ്മപദ്ധതികൾ എന്തൊക്കെയാണ്; ഇത് പ്രസ്തുത നദികളിലെ മാലിന്യത്തിന്റെ തോത് എത്ര മാത്രം കുറയ്ക്കാൻ സഹായകമായെന്ന് വ്യക്തമാക്കമോ; | "ജില്ലാതല സാങ്കേതികസമിതി" രൂപീകരിക്കുകയും പ്രസ്തുത സമിതി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഭാരതപ്പുഴ, തിരുവനന്തപുരം ജില്ലയിലെ കരമന നദി എന്നിവയുടെ മലിനീകരണനിയന്ത്രണത്തിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. കരമന നദിയുടെ ആക്ഷൻപ്ലാൻ തയ്യാറാക്കിയിട്ടുള്ളത് തിരുവനന്തപുരം കോർപ്പറേഷൻ, ജലവിഭവവകുപ്പ്, മലിനീകരണ നിയന്ത്രണബോർഡ് എന്നിവർ ചേർന്നാണ്. പാർവ്വതീ പുത്തനാറിന്റെ പുനരുജ്ജീവനം, തെക്കനക്കര കനാൽ, കരിമഠം കോളനികുളം, ആമയിഴഞ്ചാൻ തോട് എന്നിവയ്ക്കു പുറമേ കരമന നദീതടത്തിലെ ചെറുനീർച്ചാലുകൾ ഉൾപ്പെടെയുള്ള നവീകരണം മുതലായവയാണ് ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ വിഭാവനം ചെയ്തിട്ടുണ്ട്.<br><br>ഭാരതപ്പുഴയുടെ പട്ടാമ്പി ഭാഗത്തെ ആക്ഷൻ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കുന്നത് പട്ടാമ്പി മുനിസിപ്പാലിറ്റി, ജലസേചനവകുപ്പ്, മലിനീകരണനിയന്ത്രണബോർഡ് എന്നിവർ ചേർന്നാണ്. ഖരമാലിന്യസംസ്കരണം, സോളിഡ് വേസ്റ്റ്മാനേജ്മെന്റ് യൂണിറ്റ്സ്, ഫെൻസിംഗ്, കുളിക്കടവ്/നടപ്പാത/ബോട്ടുജെട്ടി എന്നിവയുടെ നിർമ്മാണം, സർവ്വയിലൻസ് ക്യാമറ, നദീജലഗുണനിവാരപരിശോധന എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>കാസർകോഡ് ജില്ലയിലെ നീലേശ്വരം നദിക്കുവേണ്ടി കർമ്മപദ്ധതികൾ ഒന്നും മലിനീകരണ നിയന്ത്രണ ബോർഡ് തയ്യാറാക്കിയിട്ടില്ല. |
| (ഡി) | ജലസംരക്ഷണ സംസ്കാരം ജനങ്ങളിൽ വളർത്തിയെടുക്കുന്നതിനും ഭാവി തലമുറയ്ക്കായി ജലം കരുതി വയ്ക്കുന്നതിനും വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (ഡി) ഹരിതകേരളമിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി പുതിയൊരു ജലവിഭവവിനിയോഗ സംസ്കാരം വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിവിധ തലങ്ങളിൽ നടന്നുവരുന്നു. പൊതുജനങ്ങളിൽ അവബോധം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനൊപ്പം ജലസേചന വകുപ്പിലെ ഉദ്യോഗ സ്ഥർക്കും പരിശീലനപരിപാടികൾ നടത്തിവരുന്നു. ജലവിഭവപരിപാലനത്തിനും സംരക്ഷണത്തിനുമുള്ള |

പ്രകൃതി ദത്തയൂണിറ്റായ നീർത്തടങ്ങളുടെ സമഗ്രസംരക്ഷണം ലക്ഷ്യമിട്ട് തദ്ദേശസ്വയംഭരണസ്ഥാപനാടിസ്ഥാനത്തിൽ നീർത്തടപ്ലാനുകളും ബ്ലോക്ക് തലത്തിൽ മാസ്റ്റർപ്ലാനുകളും തയ്യാറാക്കിവരുന്നു. ഇതോടൊപ്പം 'ജലം ജീവാമൃതം' എന്ന ലഘുലേഖ തയ്യാറാക്കി ജലസംരക്ഷണത്തിന്റെ പ്രാധാന്യം നഗര-ഗ്രാമീണ മേഖലകളിൽ എത്തിക്കുകയും, കുടുംബശ്രീ യൂണിറ്റുകൾ, ക്ലബുകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവരുടെ സഹകരണത്തോടെ ബോധവൽക്കരണപ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ